# പ്രവാചകൻ എന്ന വെളിച്ചം

**മുഹമ്മദ് നബി(സ)** ദൈവമോ ദേവനോ അല്ല; ആയിരുന്നിട്ടില്ല; ആരാധിക്കപ്പെട്ടിട്ടുമില്ല. മുഹമ്മദ് നബിയുടെ വിഗ്രഹം പോയിട്ട് ഒരു ചിത്രം പോലുമില്ല എവിടെയും. എന്നിട്ടും വിഗ്രഹവത്കരിക്കപ്പെട്ട എണ്ണമറ്റ മഹാന്മാരേക്കാളധികം അദ്ദേഹം ജനഹൃദയങ്ങളിൽ വസിക്കുന്നു; സ്നേഹിക്കപ്പെടുന്നു, ആദരിക്കപ്പെടുന്നു, അനുകരിക്കപ്പെടുന്നു. മനുഷ്യരാശിയെ ഏറ്റം സ്വാധീനിച്ച നൂറു പേരെയോ ഇരുപത്തഞ്ചു പേരെയോ തെരഞ്ഞെടുക്കേണ്ടിവരുമ്പോൾ, തെരഞ്ഞെടുക്കുന്നത് ആരായാലും ഒന്നാം സ്ഥാനത്ത് മുഹമ്മദ് നബിയെ അവരോധിക്കാൻ നിർബന്ധിതനാകുന്നു.

മുഹമ്മദ് നബി(സ) ഒരു മനുഷ്യനായിരുന്നു. മറ്റു മനുഷ്യർക്കുള്ള മാനുഷിക ഗുണങ്ങൾ അദ്ദേഹത്തിനുമുണ്ടായിരുന്നു. രണ്ടു കാര്യങ്ങളാലാണ് അസാധാരണത്വമുണ്ടായിരുന്നത്. ഒന്ന്, അദ്ദേഹം ദൈവദൂതനായിരുന്നു. രണ്ട്, അദ്ദേഹം സമ്പൂർണ മനുഷ്യനായിരുന്നു. അനാഥത്വം, ദാരിദ്ര്യം, അരക്ഷിതത്വം, മർദിതത്വം, സമ്പന്നത, വർത്തകൻ, ആചാര്യൻ, പ്രബോധകൻ, ജനനായകൻ, ഭരണാധികാരി, യോദ്ധാവ്, ഭർത്താവ്, പിതാവ്, ന്യായാധിപൻ, സുഹൃത്ത് എന്നിങ്ങനെ മാനവ ജീവിതത്തിന്റെ എല്ലാ അവസ്ഥകളും അനുഭവിക്കുകയും ആ അവസ്ഥകളെ ഒരു നല്ല മനുഷ്യൻ, പൂർണ മനുഷ്യൻ എങ്ങനെ നേരിടണമെന്ന് പ്രായോഗികമായി കാണിച്ചുതരികയും ചെയ്ത അന്ത്യപ്രവാചകനാണ് മുഹമ്മദ് നബി(സ).

മുഹമ്മദീയ സന്ദേശത്തിന്റെ സത്താണ് 'ലാ ഇലാഹ ഇല്ലല്ലാഹ്' (സാക്ഷാൽ ദൈവമല്ലാതെ ദൈവമേതുമില്ല) എന്നത്. മനുഷ്യനടക്കമുള്ള പ്രപഞ്ചമഖിലം അഖണ്ഡവും ഏകവുമായ ഒരു ശക്തിയാൽ ഉളവായതാണ്. ആ ശക്തിയാണ് സാക്ഷാൽ ദൈവം, പ്രപഞ്ചചൈതന്യം. ഒരേ ദൈവത്തിന്റെ സൃഷ്ടികളായതിനാൽ സൃഷ്ടികളൊക്കെയും പ്രപഞ്ചത്തിന്റെ ഘടകങ്ങളാണ്. എല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ആരും ആരുടെയും താഴെയോ മീതെയോ അല്ല. ഓരോ ഘടകവും സ്രഷ്ടാവിന്റെ താൽപര്യം മാനിച്ച് ഇതര ഘടകങ്ങളുമായി ഇണങ്ങി വാഴുകയാണ് ധർമം. മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടി മാത്രമല്ല, ഒരേ മാതാപിതാക്കളുടെ മക്കളുമാകുന്നു. തമ്മിൽ തിരിച്ചറിയാനുള്ള അടയാളങ്ങൾ മാത്രമാണവർക്കിടയിലെ വൈവിധ്യങ്ങൾ. സ്രഷ്ടാവിന്റെ മുമ്പിൽ ഏറ്റം ഉത്കൃഷ്ട മനുഷ്യൻ ഏറ്റം ധർമനിഷ്ഠയുള്ളവനാണ്. ഈ ധർമത്തിന്റെ നിർവഹണമായിരുന്നു അന്ത്യപ്രവാചകന്റെ ജീവിതം. മറ്റൊരർഥത്തിൽ, ആ ജീവിതം തന്നെയായിരുന്നു അദ്ദേഹത്തിന്റെ സന്ദേശവും. അതിന്റെ പേരാണ് ഇസ്‌ലാം –സമാധാനം. സ്നേഹവും കാരുണ്യവും സത്യവും ധർമവുമില്ലാതെ സമാധാനമില്ല. സ്വജീവിതത്തിലൂടെ– ഇസ്‌ലാമിലൂടെ– അദ്ദേഹം സാക്ഷാത്കരിച്ചത് ഈ മൂല്യങ്ങളാണ്. തന്റെ ശിഷ്യന്മാരോട് സാക്ഷാത്കരിക്കാൻ ആവശ്യപ്പെട്ടതും ഇതുതന്നെ. ദന്തഗോപുരങ്ങളിലിരുന്ന് സ്നേഹഗീതമാലപിക്കുകയായിരുന്നില്ല അദ്ദേഹം. ശക്തമായ വാക്കുകളിലൂടെയും ജീവിത ചര്യകളിലൂടെയും മനുഷ്യ മനസ്സുകളിലേക്ക് സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും സത്യത്തിന്റെയും ധർമത്തിന്റെയും തെളിനീർ പകർന്നു കൊടുക്കുകയായിരുന്നു. നമസ്കാര ശേഷം പ്രവാചകൻ ഉരുവിടാറുണ്ടായിരുന്ന ഒരു പ്രാർഥന ഇങ്ങനെയായിരുന്നു: "എന്റെയും സർവചരാചരങ്ങളുടെയും നാഥാ, മർത്യരെല്ലാം സഹോദരങ്ങളാണെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു." വാക്കിലൂടെ മാത്രമല്ല പ്രവൃത്തിയിലൂടെയും അദ്ദേഹം അത് സാക്ഷ്യപ്പെടുത്തി. അക്രമത്തെ പ്രതിരോധിക്കാനായാലും

ആഹാരം പാകം ചെയ്യാനായാലും തോടു കീറാനായാലും മണ്ണു ചുമക്കാനായാലുമൊക്കെ അദ്ദേഹം അവരുടെ സഹോദരനും സഹപ്രവർത്തകനുമായിരുന്നു. ഇതാണ് മുഹമ്മദ് നബി കാഴ്ചവെച്ച സാഹോദര്യവും സമത്വവും സ്വാതന്ത്ര്യവും. ആധുനിക വിമോചന പ്രസ്ഥാനങ്ങൾ ഭാഗികമായി അടിമത്തങ്ങളിലകപ്പെട്ട ജനങ്ങളോടാവശ്യപ്പെടുന്നത് നിങ്ങൾ ഞങ്ങളുടെ പൂർണ അടിമകളാകൂ, അതാണ് നിങ്ങളുടെ സ്വാതന്ത്ര്യം എന്നാണ്.

ലോകത്ത് നന്മയേക്കാൾ തിന്മ ഇഷ്ടപ്പെടുന്നവർ, ധർമത്തേക്കാൾ അധർമത്തെ സ്നേഹിക്കുന്നവർ, വിണ്ണിലേക്ക് കണ്ണയക്കാൻ കൂട്ടാക്കാതെ മണ്ണോടൊട്ടിക്കിടക്കുന്നവർ എന്നുമുണ്ട്. അത്തരക്കാർ പൂർണ മനുഷ്യർക്കു നേരെ പൈശാചിക വചനങ്ങൾ ജൽപിച്ചുകൊണ്ടിരിക്കും. വാമൊഴിയായും വരമൊഴിയായും അവഹേളിച്ചുകൊണ്ടിരിക്കും. അല്ലാഹുവിന്റെ വെളിച്ചം വായ്കൊണ്ട് ഊതിക്കെടുത്താൻ ശ്രമിക്കുകയാണവർ. പക്ഷേ, അല്ലാഹു അവന്റെ വെളിച്ചം പൂർത്തീകരിക്കുകതന്നെ ചെയ്യും; അക്രമികൾക്കും അധർമികൾക്കും അതെത്ര അരോചകമായിരുന്നാലും. ഓരോ ഊത്തിനെത്തുടർന്നും ആ വെളിച്ചം കൂടുതൽ തെളിയുന്നത് അതിന്റെ നിദർശനമാകുന്നു. ചിലപ്പോൾ അത് ഊതി കെടുത്തുന്നവരുടെ തന്നെ കണ്ണു തുറപ്പിച്ചെന്നു വരും. പ്രവാചകന്റെ കഴുത്തറുക്കാൻ ശപഥം ചെയ്ത് വാളുമെടുത്ത് ഓടിച്ചെന്നവർ ആ മുഖത്തെ നിഷ്കളങ്കതയുടെയും ആ അധരങ്ങളിൽനിന്നുതിർന്ന വചനങ്ങളുടെയും വെളിച്ചത്തിൽ വെട്ടാനുയർത്തിയ വാൾ വലിച്ചെറിഞ്ഞ് പശ്ചാത്താപവിവശരായി തിരുശരീരം ആശ്ലേഷിച്ച സംഭവങ്ങൾ ഏറെ ഉണ്ടായിട്ടുണ്ട്. രണ്ടാം ഖലീഫ ഉമർ(റ) തന്നെ അക്കൂട്ടത്തിലൊരാളാണ്. പ്രവാചകന്റെ കാലശേഷവും ഈ പ്രതിഭാസം തുടർന്നുവരുന്നു. 1992-ൽ ബാബരി മസ്ജിദ് ധ്വംസനത്തിൽ സാവേശം പങ്കെടുത്ത ഒരു കർസേവകൻ പിന്നീട് ഇസ്‌ലാം സ്വീകരിക്കുകയുണ്ടായി. ഖുർആനെ നഖശിഖാന്തം ആക്ഷേപിച്ച് ഗ്രന്ഥമെഴുതി പ്രചരിപ്പിച്ച ഒരു പണ്ഡിതൻ അടുത്തകാലത്ത് താൻ ചെയ്തത് ഭീമാബദ്ധമായിപ്പോയെന്ന് സമ്മതിച്ച് തന്റെ ആക്ഷേപങ്ങൾക്ക് സ്വയം മറുപടി പറഞ്ഞുകൊണ്ടും ഖുർആന്റെ മഹത്വങ്ങൾ വർണിച്ചുകൊണ്ടും പുസ്തകമെഴുതി പ്രസിദ്ധീകരിച്ചിരിക്കുന്നു. സ്വിറ്റ്സർലന്റിൽ പള്ളി മിനാരങ്ങൾക്കെതിരെ പ്രക്ഷോഭം സംഘടിപ്പിക്കുകയും മിനാരനിരോധന നിയമത്തിന് കളമൊരുക്കുകയും ചെയ്ത പ്രസ്ഥാനത്തിന്റെ നായകന്മാരിലൊരാൾ അതേ മിനാരത്തിന്റെ മതം സ്വീകരിച്ചതും ഈയടുത്ത നാളിലാണ്.

ഇത്തരം സംഭവങ്ങൾ മുസ്‌ലിം സഹോദരങ്ങൾക്ക് നൽകുന്ന ഒരു സന്ദേശമുണ്ട്. അജ്ഞതയും തെറ്റിദ്ധാരണയുമാണ് നമ്മുടെ ഏറ്റം വലിയ ശത്രു. അവയാണ് ആളുകളിൽ ഇസ്‌ലാമിനെക്കുറിച്ച് ഭയാശങ്ക വളർത്താനും നികൃഷ്ടമായ ആക്ഷേപങ്ങളും ആരോപണങ്ങളും പ്രചരിപ്പിക്കാനും ചെകുത്താൻ ഉപയോഗിക്കുന്ന ശക്തമായ ആയുധങ്ങൾ. അജ്ഞത ഇരുട്ടാണ്. ഇരുട്ടിനെ തുടച്ചുനീക്കേണ്ടത് വെളിച്ചം കൊണ്ടാണ്; തോക്കു കൊണ്ടോ ബോംബ് കൊണ്ടോ അല്ല. ഇരുട്ടുകൊണ്ട് ഇരുട്ടകറ്റാൻ ശ്രമിച്ചാൽ കൂടുതൽ കനത്ത ഇരുട്ടു മാത്രമായിരിക്കും ഫലം. പ്രവാചകന്റെ ജീവിത സന്ദേശം- അതിന്റെ വാഗ്രൂപവും കർമ രൂപവുമാണ് മുസ്‌ലിംകളുടെ കൈവശമുള്ള വിളക്ക്. സ്വജീവിതത്തിൽ ആ വിളക്ക് കത്തിച്ചുവെക്കുകയാണ് ഇസ്‌ലാംവിരോധത്തിന്റെ ഇരുട്ടകറ്റാനുള്ള മാർഗം. ഈ വെളിച്ചം കൈവെടിഞ്ഞ് മുസ്‌ലിംകൾ സ്വീകരിക്കുന്ന മറ്റേത് പ്രതിരോധ നടപടിയും നിഷ്ഫലമാവുകയേയുള്ളൂ. ഓർക്കുക! മുഹമ്മദ് നബിയെ വധിക്കാൻ പ്രതിജ്ഞയെടുത്ത ഉമറിനെക്കുറിച്ച് അദ്ദേഹം പ്രാർഥിച്ചത്, 'അല്ലാഹുവേ ഉമറിന് സത്യത്തിന്റെ വെളിച്ചവും സന്മനസ്സും പ്രദാനം ചെയ്യേണമേ' എന്നായിരുന്നു. തന്നെ വധിക്കാനൊരുമ്പെട്ട ഉമറിനെ ആദ്യം വധിക്കാൻ ഭടന്മാരെ നിയോഗിക്കുന്നതിനെക്കുറിച്ച് ആ കാരുണ്യ സാഗരം ചിന്തിച്ചതേയില്ല. അതായിരുന്നു അദ്ദേഹം ചെയ്തിരുന്നതെങ്കിൽ ചരിത്രത്തിന്റെ ഗതി എന്താകുമായിരുന്നു! ■